# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1345 — 20.01.2014 ൽ മറുപടിക്ക്

## വിലവർദ്ധനവ് നിയന്ത്രിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്തുണ്ടാകുന്ന വിലവർദ്ധനവിന് ആനുപാതികമായി നിത്യോപയോഗ സാധനങ്ങളുടെ വിലയിലും വർദ്ധനവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അരിയുടെ വില നിയന്ത്രണ വിധേയമാണ്. |
| (ബി) ഇന്ധനവിലവർദ്ധനവിന്റെ പേരിൽ വൻകിട, മൊത്ത വ്യാപാരികൾ അവശ്യ സാധനങ്ങൾക്ക് വൻവില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പെട്രോൾ, ഡീസൽ വിലവർദ്ധനവുണ്ടാകുമ്പോൾ ചില വൻകിട മൊത്ത വ്യാപാരികൾ അവശ്യസാധനങ്ങൾക്ക് കൂടുതൽ വില ഈടാക്കുന്നതിനായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇത് തടയുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് വിപണിയിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) വിപണിയിലുണ്ടാകുന്ന വില വർദ്ധനവിൽ നിന്നും സാധാരണ ജനങ്ങളെ സംരക്ഷിക്കുന്നതിനായി പൊതുവിതരണ ശൃംഖല വഴി കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും നൽകി വരുന്നു. ബി.പി.എൽ. കാർഡുടമകൾക്ക് പ്രതിമാസം 25 കി.ഗ്രാം അരി കിലോഗ്രാമിന് ഒരു രൂപാ നിരക്കിലും, 5 കി.ഗ്രാം ഗോതമ്പ് രണ്ടു രൂപാ നിരക്കിലും നൽകി വരുന്നു. എ.പി.എൽ. കാർഡുടമകൾക്ക് 10 കി.ഗ്രാം അരി കിലോഗ്രാമിന് 8.90 രൂപ നിരക്കിലും 2 കി.ഗ്രാം ആട്ട കാർഡൊന്നിന് 12 രൂപാ നിരക്കിലും നൽകുന്നു. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട രണ്ട് രൂപാ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 10 കി.ഗ്രാം അരി കിലോഗ്രാമിന് രണ്ട് രൂപാ നിരക്കിൽ നൽകുന്നു. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കി.ഗ്രാം അരി സൗജന്യമായി നൽകുന്നു. ബി.പി.എൽ./ എ.എ.വൈ. വിഭാഗത്തിലെ ഓരോ അംഗത്തിനും |

400ഗ്രാം പഞ്ചസാര കിലോഗ്രാമിന് 13.50 രൂപാ നിരക്കിൽ നൽകുന്നു. കരിഞ്ചന്ത, പൂഴ്ത്തിവയ്പ് മുതലായവ നടത്തി കൃത്രിമ ക്ഷാമം സൃഷ്ടിച്ച് വില വർദ്ധിപ്പിക്കുന്ന വർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നു. ജില്ലാതലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും, താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും, സംസ്ഥാന തലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും റെയ്ഡുകളും പരിശോധനകളും നടത്തുകയും ക്രമക്കേടുകൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ, സപ്ലൈകോയുടെ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ മുഖേന ന്യായവിലയ്ക്ക് അരിയും മറ്റ് അവശ്യ വസ്തുക്കളും വിതരണം ചെയ്യുന്നു. ഇവയെല്ലാം തന്നെ വിലക്കയറ്റത്തെ ഒരു പരിധി വരെ നിയന്ത്രിക്കുന്നതിന് സഹായകമായിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | കൺസ്യൂമർഫെഡ് പോലുള്ള സ്ഥാപനങ്ങളിൽ അവശ്യ സാധനങ്ങൾ ലഭ്യമല്ലാത്തതും ലഭ്യമാകുന്ന സാധനങ്ങൾക്ക് പൊതുവിപണിയിലെ വില തന്നെ നൽകേണ്ടി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | സഹകരണ വകുപ്പിൽ നിന്ന് വിവരം ശേഖരിച്ചു നൽകുന്നതാണ്. |

Beena

**സെക്ഷൻ ഓഫീസർ**

&